# ഇടശ്ശേരിക്കവിതയിലെ സ്ത്രീ

ചെമ്പൂര്‍ സുകുമാരന്‍ നായര്‍

പ്രതികരണവും പ്രതിരോധവും ആത്മമുദ്രയാക്കിയ ധീരവ്യക്തിത്വത്തിന്റെ അടയാളങ്ങളാണ് ഇടശ്ശേരിക്കവിതയിലെ സ്ത്രീകഥാപാത്രങ്ങള്‍. സര്‍വംസഹകളും ശക്തിസ്വരൂപിണികളുമായ അവര്‍–

'അധര്‍മ പരിശുഷ്ക്കം ലങ്കതന്നോലപ്പുറ-
ത്തരക്കന്‍ നിക്ഷേപിച്ച ചെങ്കനല്‍പ്പൊരിപോലെ'
(ഹനുമല്‍സേവ തുഞ്ചന്‍പറമ്പില്‍)

ജ്വലിക്കുന്നവരാണ്; 'പാനവുമശനവും വിട്ട് കണ്ണീരു പൊഴിക്കുന്ന' പരമപവിത്രകളാണ്. കരളില്‍ പൊള്ളും കദനം കോരിച്ചൊരിയുന്ന ആ ദുഃഖപുത്രിമാര്‍ വേദനകളെ ശക്തിമന്ത്രങ്ങളാക്കി പരിവര്‍ത്തിപ്പിക്കുന്ന ഒരു ജീവിത ദര്‍ശനത്തിന്റെ നിത്യസാക്ഷ്യങ്ങളാണ്.

'ഒരിററു കണ്ണീരുപ്പു പുരട്ടാ-
തെന്തിനു ജീവിത പലഹാരം'
(അമ്പാടിയിലേക്ക് വീണ്ടും)

എന്ന് ദാരുകനെക്കൊണ്ടു ചോദിപ്പിക്കുന്ന കവിയുടെ തത്വശാസ്ത്രപരമായ നിലപാടിന് പിന്‍ബലമേകാനുള്ള എല്ലുറപ്പ് ആ കഥാപാത്രങ്ങള്‍ക്കുണ്ട്. ഇങ്ങനെ സവിശേഷവും വ്യതിരിക്തവും ആയ വ്യക്തിത്വം ആവാഹിച്ചു നില്‍ക്കുന്ന ആ സ്ത്രീരൂപങ്ങളെ ഭാരതീയമായ കാഴ്ചപ്പാടില്‍ നോക്കിക്കാണുകയാണിവിടെ.

സ്ത്രീത്വത്തിന്റെ സാഫല്യവും നരവംശത്തിന്റെ അസ്തിത്വവും മാതൃത്വത്തിലധിഷ്ഠിതമാണ്. മനുഷ്യനെ ഗര്‍ഭത്തില്‍ ധരിക്കുന്നതിനാല്‍ ധാത്രിയും ജനിപ്പിക്കുന്നതിനാല്‍ ജനനിയുമാണവള്‍. എല്ലാവര്‍ക്കും ആശ്രയം നല്‍കുന്നതിനാല്‍ വനിതയും മഹത്തായ ശക്തിയുടെ ഉടമയായതിനാല്‍ മഹിളയുമാണ്. ഈ വിശേഷണങ്ങള്‍ക്കെല്ലാം സര്‍വഥാ യോഗ്യരാണ് ഇടശ്ശേരിയുടെ സ്ത്രീകഥാപാത്രങ്ങള്‍. മകള്‍, കാമുകി, ഭാര്യ, സഹോദരി, അമ്മ എന്നിങ്ങനെ സ്ത്രീയുടെ വ്യത്യസ്തമുഖങ്ങള്‍ ഇടശ്ശേരി അനാവരണം ചെയ്തിട്ടുണ്ട്. എന്നാല്‍, ഇവരാരും ആധികാരിക വ്യവഹാരങ്ങളുടെ ധാര്‍ഷ്ട്യങ്ങള്‍ക്കു മുന്നില്‍ തലകുനിക്കുന്നതേയില്ല.

പൂതത്തെ വെല്ലുവിളിച്ച് മകന്റെ ജീവന്‍ രക്ഷിക്കുന്ന നങ്ങേലി (പൂതപ്പാട്ട്), ലോകരുടെ പാപഭാരം മുഴുവന്‍ ഏററെടുത്ത് സ്വയം ശിക്ഷിക്കുന്ന കാവിലമ്മ (കാവിലെപ്പാട്ട്), സഹനശക്തിയുടെ പര്യായമായ കസ്തൂര്‍ബാ ഗാന്ധി (നമ്മളുടെ അമ്മ), സ്വജീവിതത്തെ തകര്‍ത്ത ലോകത്തോട് സ്വന്തം ജീവിതം കൊണ്ടുതന്നെ പ്രതികാരം ചെയ്യുന്ന ചേച്ചി (വിവാഹസമ്മാനം), അനുജനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചൊടുവില്‍ 'തേവിത്താണകുളം പോല്‍' പെരുവഴി തേടേണ്ടിവന്ന സഹോദരി (പെങ്ങള്‍), വൃദ്ധപിതാവിനോട് ഭര്‍ത്താവ് കാട്ടിയ അനാദരവില്‍ മനസ്സ് മരവിച്ചുനില്‍ക്കുന്ന മകള്‍ (അങ്ങേവീട്ടിലേക്ക്), ജീവിതം ദുരിതമയമാക്കിയ യന്ത്രയുഗത്തോട് വെറുപ്പാണെങ്കിലും നിസ്സഹായതമൂലം ആ യാഥാര്‍ഥ്യത്തെ അംഗീകരിക്കാന്‍ തയാറായ പാറു (നെല്ലുകുത്തുകാരി പാറുവിന്റെ കഥ), അച്ഛനും സഹോദരനും തത്വശാസ്ത്രങ്ങളുടെ പേരില്‍ തര്‍ക്കിച്ചു നില്‍ക്കുമ്പോള്‍, 'നനയററ പടര്‍വാഴത്തൈ'പോലെ നരകിച്ചിരുളിലേക്കിറങ്ങി നടന്ന കുമ്മിണി (തത്വശാസ്ത്രങ്ങളുറങ്ങുമ്പോള്‍), ചെറുക്കനെ ഇഷ്ടപ്പെട്ടുവെങ്കിലും പുറത്തിറങ്ങാന്‍ പററിയ തുണിയില്ലാത്തതിനാല്‍ ഇഷ്ടപ്പെട്ടില്ലായെന്നു പറഞ്ഞ് കുടുംബത്തിന്റെ മാനം രക്ഷിക്കുന്ന പെണ്‍കുട്ടി (കല്യാണപ്പുടവ), കണ്ണന്റെ കാരുണ്യവായ്പില്‍ കൂനുമാറിയെങ്കിലും കാഴ്ചയ്ക്കു ചെന്തൊണ്ടിയും ഫലത്തില്‍ കാഞ്ഞിരക്കായും ആയിരിക്കുന്ന കുബ്ജ (വരദാനം) – ഇങ്ങനെ വൈവിധ്യവും വൈചിത്ര്യവും നിറഞ്ഞ ജീവിതാനുഭവങ്ങളുടെ പെരുംഭാണ്ഡം പേറുന്നവരാണ് ഇടശ്ശേരിയുടെ സ്ത്രീകഥാപാത്രങ്ങള്‍. രോഗാതുരമായ നാഗരികജീവിതത്തിന്റെയല്ല, വിഹ്വലമായ ഗ്രാമീണജീവിതത്തിന്റെ അവസ്ഥാന്തരങ്ങളെയാണ് അവര്‍ പ്രതിനിധാനം ചെയ്യുന്നത്. നിത്യജീവിതത്തില്‍ നിരന്തരം പ്രശ്നവല്‍കരിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ ആന്തരികവും നിഗൂഢവും സത്താപരവുമായ ഭാവങ്ങളുടെ ഉചിതവിഭാവങ്ങളായി അവര്‍ വര്‍ത്തിക്കുന്നു. പൊന്നാനിയുടെ സ്ഥലസീമയില്‍ നിന്നുയിരെടുത്തവരെങ്കിലും കവിയുടെ പ്രതിഭാസ്പര്‍ശത്താല്‍ ദേശകാലങ്ങള്‍ക്കതീതമായ ചിരന്തനസ്വഭാവമുള്ളവരായി അവര്‍ പരിണമിച്ചിരിക്കുന്നു.

പ്രാക്തനജീവിതത്തിന്റെ സഞ്ചിതസംസ്കാരചിഹ്നമായ മിത്തുകളെ ആധാരമാക്കി രൂപംകൊണ്ട കവിതകളാണ് 'പൂതപ്പാട്ടും', 'കാവിലെപ്പാട്ടും'. പെററമ്മമാരുടെ നിലയററ ദുഃഖമാണ് രണ്ടുപാട്ടിലെയും ദേവിമാരെ യാഥാര്‍ഥ്യബോധത്തിലേക്ക് നയിക്കുന്നത്. ആത്മത്യാഗോജ്വലമായ ജീവിത

ചര്യയിലൂടെ അലൗകിക ശക്തികളെപ്പോലും വരുതിക്കു നിർത്തുന്ന ഭാരതീയ സ്ത്രീത്വത്തിന്റെ നാടൻ രൂപങ്ങളാണ് ഈ പാട്ടുകളിൽ പ്രത്യക്ഷരാകുന്ന അമ്മമാർ.

അമ്മയെപ്പോലെ തന്നെ ആത്മത്യാഗസന്നദ്ധമായ ജീവിതം നയിക്കുന്നവരാണ് ഇടശ്ശേരിയുടെ പെങ്ങൾ. സഹോദരീസഹോദരന്മാർ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ അപൂർവദൃശ്യങ്ങൾ അവിടെ എത്ര വേണമെങ്കിലുമുണ്ട്. അമ്മയില്ലാത്തിടത്ത് പെങ്ങൾ അമ്മയുടെ സ്ഥാനം ഏറെറടുക്കുന്നത് കേരളീയ പാരമ്പര്യമാണല്ലോ. പിറന്നിട്ട് തൊണ്ണൂററു തികയാത്ത അനുജനെ ഒക്കത്തെടുത്തു വളർത്തിയ ചേച്ചിയുടെ ജീവിത സമർപ്പണമാണ് 'പെങ്ങൾ' എന്ന കവിതയിലെ വിഷയം. അവൾ ജീവിച്ചത് അവനുവേണ്ടിമാത്രം. എന്നാൽ, ചേച്ചിയെ സ്നേഹിക്കുന്ന ഒരാൾ ഉണ്ടെന്നറിഞ്ഞപ്പോൾ അവിടം വിട്ടുപോകണമെന്നായി അനുജൻ. അവനുവേണ്ടി, 'ഇന്നലെവരെ തന്റേതായിരുന്ന ആ സ്വർഗം' ഉപേക്ഷിക്കാൻ അവൾ തയാറായി. അനുജനെയും കൂട്ടി മറെറാരിടത്ത് താമസമായി. ഒടുവിൽ, അനുജൻ യുവാവും കാമുകനും ആയി വളർന്നപ്പോഴാണ് ചേച്ചിയെക്കുറിച്ച് സംശയമുദിച്ചത്. "വാസ്തവമോ ഞാൻ കേട്ടത്" എന്ന അനുജന്റെ ചോദ്യം കേട്ട് അവൾ ഞെട്ടി. തെററുകൾ ഏററുപറഞ്ഞ ചേച്ചി അനുജനോടപേക്ഷിച്ചു: "പോവുകനോക്കിവിടംവിട്ടുണ്ണി." പക്ഷേ, അനുജൻ അനങ്ങിയില്ല. അവൾ ഒരു സത്യം മനസ്സിലാക്കി. "വയ്യാ, മാപ്പുതരാനെൻ കുട്ടന്", അങ്ങനെ അനാഥത്വത്തിന്റെ പെരുവഴിയിലേക്ക് അവൾ ഇറങ്ങിനടന്നു. ഇവിടെ പെങ്ങളും അനുജനും യഥാക്രമം ത്യാഗത്തിന്റെയും ഭോഗത്തിന്റെയും അടയാളങ്ങളാണ്.

പെങ്ങളിലെ ചേച്ചി അനാഥയായത് അനുജൻ മൂലമാണെങ്കിൽ 'വിവാഹസമ്മാന'ത്തിലെ ദുരന്തത്തിന് കാരണക്കാരി അനുജത്തിയാണ്. ചിരകാല പ്രണയബന്ധം വിച്ഛേദിച്ച കാമുകൻ അനുജത്തിയുടെ ഭർത്താവായെത്തിയപ്പോൾ ചേച്ചി തിരഞ്ഞെടുത്തത് ആത്മഹത്യയുടെ മാർഗമായിരുന്നു. കുളത്തിൽ നിന്നൊരു താമരപ്പൂവിറുത്ത് അനുജത്തിക്ക് വിവാഹസമ്മാനമേകാനെന്ന് പറഞ്ഞ് അനുജനെ കൽപ്പടവിലിരുത്തി അവൾ മെല്ലെ ആഴക്കയത്തിൽ അപ്രത്യക്ഷയാകുന്നു. പ്രണയനൈരാശ്യവും അഭിമാനബോധവും സൃഷ്ടിച്ച ആത്മസംഘർഷത്തിൽ എരിപൊരികൊള്ളുന്ന ഒരു സ്ത്രീമനസ്സിന്റെ സ്വാഭാവിക പ്രതികരണമാണ് അവളുടെ ആത്മാഹൂതിയെങ്കിലും ആ സന്ദർഭമുൾക്കൊള്ളുന്ന നാടകീയത അപൂർവസുന്ദരമാണ്.

വിധിവിശ്വാസിയായ അച്ഛനും മാർക്സിയൻ വിശ്വാസിയായ സഹോദരനും വരട്ടുതത്വവാദങ്ങളിൽ അഭിരമിക്കുമ്പോൾ, അവഗണിക്കപ്പെട്ടതിന്റെ വേദനയുമായി വീടുവിട്ടിറങ്ങിയ കുമ്മിണിയുടെ കഥയാണ് 'തത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ' എന്ന കവിത. പ്രത്യയശാസ്ത്രപരമായ ദുശ്ശാഠ്യങ്ങളിൽ ബലിയാകുന്നത് സ്ത്രീവർഗമാണെന്നും ജീവിതത്തെ വിസ്മരിക്കുന്ന തത്വശാസ്ത്രങ്ങൾ നിർജീവമാണെന്നും കുമ്മിണി നമ്മെ പഠിപ്പിക്കുന്നു. യാന്ത്രികതയുടെ അനിയന്ത്രിതമായ വ്യാപനം വ്യക്തിജീവിതത്തിന്റെ പ്രത്യേകിച്ച്, സ്ത്രീജീവിതത്തിന്റെ സ്വച്ഛന്ദതയെ കലുഷമാക്കുന്നതിന്റെ ചിത്രമാണ് 'നെല്ലുകുത്തുകാരി പാറു' എന്ന കവിതയിൽ തെളിയുന്നത്. 'കല്യാണപ്പുടവ'യിലെ പാറു, കല്യാണച്ചെറുക്കൻ കേൾക്കേ,

'ബോധിച്ചതില്ലെനിക്കെന്തിന്നവർ പിന്നെ
വാദിച്ചു നിൽക്കണമെന്നെക്കാണാൻ'

എന്ന് ഭാവിയുടെ വാതിലുകൾ വലിച്ചടച്ചുകൊണ്ട് ഉറക്കെ ചോദിച്ചത് വാസ്തവത്തിൽ അയാളെ ഇഷ്ടപ്പെടാത്തതുകൊണ്ടായിരുന്നില്ല. പയ്യന്റെ മുന്നിൽ ചെന്നുനിൽക്കാൻ നല്ലൊരു ഉടുതുണിപോലും അവൾക്കില്ല. അത് വാങ്ങിക്കൊണ്ടുവരാമെന്നു പറഞ്ഞു പുറത്തേയ്ക്കുപോയ അച്ഛൻ തിരിച്ചെത്തിയില്ല. അച്ഛന്റെ നിസ്സഹായത അവൾക്ക് നല്ലവണ്ണമറിയാം. ഒടുവിൽ തറവാടിന്റെ മാനം കാക്കാൻ വേണ്ടി അവൾ സ്വന്തം ജീവിതം എറിഞ്ഞുടച്ചു.

ഇതിൽ നിന്നൊക്കെ വ്യത്യസ്തമായൊരു അനുഭവത്തിന്റെ ആവിഷ്കാരമാണ് 'അങ്ങേവീട്ടിലേക്ക്' എന്ന കവിത. വിവാഹാനന്തരം ബന്ധുക്കളാരും മകളെ കാണാൻ ചെല്ലരുതെന്ന ഉറപ്പിന്മേലാണ് ആ വിവാഹം നടന്നത്. എന്നാൽ, ഇത്തിരിക്കാലം കഴിഞ്ഞപ്പോൾ അച്ഛന് മകളെ ഒരു നോക്കു കാണാതിരിക്കാൻ വയ്യെന്നായി. ഒരുനാൾ ആ വൃദ്ധൻ കൂനിക്കൂനി നടന്ന് തളർന്ന് ജാമാതാവിന്റെ വീട്ടിൽ എത്തുന്നു.

'മകളുമ്മറത്തെത്തിയച്ഛനെക്കണ്ടു, ഭർത്തൃ-
മുഖ മണ്ഡലം നോക്കി നിസ്സഹായയായ് നിന്നു.'

ഈ കിഴവൻ ആരാണെന്ന് കൂട്ടുകാർ തിരക്കിയത് അപ്പോഴാണ്. "ഇയാളെ നീയപ്പുറത്തെങ്ങാൻ കൂട്ടി വല്ലതും കൊടുത്തേക്കൂ" എന്നാണ് ഭർത്താവിന്റെ മറുപടി. പക്ഷേ, പ്രത്യുൽപ്പന്നമതിയായ പിതാവിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: "വഴിതെററുന്നു വയസ്സാവുമ്പോൾ, അങ്ങേവീട്ടിൽക്കയറേണ്ടതാണ്..."

വൃദ്ധന്റെ ദീനാവസ്ഥപോലെ ഹൃദയഭേദകമാണ് മകളുടെ നിസ്സഹായതയും.

'പള്ളിക്കൂടത്തിലേക്കു വീണ്ടും' എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്ന പഴയ പെങ്ങളും പുതിയ

പെങ്ങളും മാതൃഹൃദയസഹജമായ സ്നേഹത്തിന്റെ നിത്യപ്രതീകങ്ങളാണ്. മൂത്തവൾ അനുജനെ വിദ്യാലയത്തിലെത്തിക്കാൻ അണിയിച്ചൊരുക്കി കൊണ്ടുവന്നപ്പോൾ കവിയുടെ ഓർമകൾ അൻപതുകൊല്ലത്തിനപ്പുറത്തേയ്ക്കു കുതിക്കുന്നു. അന്ന് തന്നെ അണിയിച്ചൊരുക്കി അച്ഛന്റെ മുന്നിൽ നിർത്തിയ ചേച്ചിയുടെ സ്നേഹവാത്സല്യങ്ങൾ മൂത്തമകളിലൂടെ പുനർദർശിക്കുന്ന കവിഹൃദയത്തിന്റെ സ്നേഹസാഫല്യമാണ് ഈ കവിത. കാലാതീതമായ സ്നേഹത്തിന്റെ കാന്തസൂചികൾ അനുസ്യൂതമായി ചലിക്കുന്നത് സ്ത്രീഹൃദയത്തിന്റെ നിഷ്കളങ്കതലത്തിലാണെന്ന് ആവർത്തന ചാരുതയാർന്ന ഈ ദൃശ്യങ്ങൾ തെളിയിക്കുന്നു.

നൊന്തുപെററ മക്കൾ പത്തും ചത്തൊടുങ്ങിയതുകണ്ട് നിലയില്ലാത്ത സങ്കടക്കടലിൽ ആണ്ടുപോയ മാതാവ്,

‘കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ’
(പണിമുടക്കം)

എന്ന മുദ്രാവാക്യം കേട്ടുയിർത്തെഴുന്നേററ് ഏററുചൊല്ലുന്ന രംഗം അവിസ്മരണീയമാണ്.

പേരാററുനീരായ ചെമ്പിച്ച പൈക്കളെ ധാരാളമാട്ടിത്തെളിച്ചുകൊണ്ട് കിഴക്കൻ മലകടന്നെത്തുന്ന കറുത്തചെട്ടിച്ചികളെ പരിഹസിക്കുമ്പോൾ നാം കൃതഘ്നത കാട്ടുകയാണ്. പുറന്തൊലി കറുപ്പെങ്കിലും ഉള്ളിൽ വെൺമയുററവരായ കറുത്തചെട്ടിച്ചികളെപ്പോലെ നിർഭാഗ്യരായ അനേകം സ്ത്രീകഥാപാത്രങ്ങളെ ഗ്രാമീണ ജീവിതത്തിന്റെ തനതുഭാവങ്ങളോടെ ഇടശ്ശേരി കണ്ടെടുത്തവതരിപ്പിച്ചിട്ടുണ്ട്. അവർ ത്യാഗശീലരും സ്നേഹമയികളുമാണ്. സമൂഹത്തിന്റെയും കുടുംബത്തിന്റെയും താളവും സമതുലനാവസ്ഥയും നിലനിർത്താൻ വേണ്ടി ബോധപൂർവം ത്യാഗത്തിന്റെ മാർഗം സ്വീകരിക്കുന്ന വിവേകമതികളും അക്കൂട്ടത്തിലുണ്ട്. ഇവരെല്ലാം പച്ച മനുഷ്യന്റെ തനിപ്പകർപ്പുകളാണ്. ഇവരുടെ നെടുവീർപ്പും കണ്ണീരും കൂടിക്കലർന്ന ജീവിതം കാലത്തിന്റെ ഹൃദയത്തെപ്പോലും വേദനിപ്പിക്കുന്നു.

‘ഇക്കയർ പണിയും സോദരിമാരുടെ
ദുഃഖം പാടിനടപ്പൂ ഞാൻ
അവരുടെ കഷ്ടപ്പാടിൻ നേർക്കൊരു
മിഴിനീർ നിങ്ങൾ പൊഴിക്കില്ലേ?’
(ചകിരിക്കുഴികൾ)

എന്നു ചോദിക്കുന്ന കവിയുടെ മനുഷ്യസ്നേഹ പ്രചോദിതമായ സ്ത്രീപക്ഷനിലപാട് ശ്ലാഘനീയമാണ്.

വിരഹവ്യഥയുടെ കനൽ പേറുമ്പോഴും സ്നേഹത്തിന്റെ ഒരു കണിക ഹൃദയത്തിൽ സൂക്ഷിക്കുന്ന ഗോപികമാരെപ്പോലെ (അമ്പാടിയിലേക്കു വീണ്ടും) ആത്മസമർപ്പണത്തിന്റെ പര്യായങ്ങളാണ് ഇടശ്ശേരിയുടെ സ്ത്രീകഥാപാത്രങ്ങൾ. അവർ അസാധാരണമായ ജീവിതസ്നേഹം ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ്. എന്നാൽ, അതൊരിക്കലും അനിയന്ത്രിതമായ വികാരപ്രകടനമായി അധഃപതിക്കുന്നില്ല. നീതികേടുകൾ കണ്ടില്ലെന്നു നടിക്കാനോ അധർമത്തോട് സമരസപ്പെടാനോ അവർ ഒരുക്കമല്ല. പ്രതിരോധസജ്ജവും അന്യാശ്രയവിമുഖവും ആയ അന്തക്കരണത്തോടുകൂടിയ ആ ധീരവനിതകൾ അടിപതറാതെ നിൽക്കാൻ തക്ക കെൽപ്പുള്ളവരാണ്.